**KRWSA മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധ്യക്ഷതയിൽ 27.12.22 തീയതിയിൽ നടന്ന ഓൺ ലൈൻ യോഗത്തിന്റെ തീരുമാനങ്ങൾ**

**പങ്കെടുത്തവർ: PMU, RPMU & GPST ഉദ്യോഗസ്ഥർ**
**സമയം: 03.00 pm**

അവലോകന യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ബഹു .എക്സിക്യൂട്ടീവ് ഡയറക്ടർ ആമുഖമായി നിർദ്ദേശിച്ചു.

- KRWSA ഏറ്റെടുത്തിട്ടുള്ള ജലജീവൻ മിഷൻ പദ്ധതികളിലെ FHTC കവറേജ് വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തണം.FHTC കവറേജ് വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ പുരോഗതി ഇല്ലാത്തതിൽ എക്സിക്യുട്ടീവ് ഡയറക്ടർ കടുത്ത അസംതൃപ്തി രേഖപ്പെടുത്തി.
- കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതിയിലെ വാട്ടർ ക്വാളിറ്റി പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഇടുക്കി ആർ.പി.എം.യു സ്വീകരിക്കണം.ഇക്കാര്യത്തിലുള്ള പുരോഗതി റിപ്പോർട്ട് 13-01-23 നുള്ളിൽ RDP പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിനെ അറിയിക്കണം.

**തീരുമാനങ്ങൾ**

1. **ജലനിധി പദ്ധതി - ഫൈനൽ ബിൽ സെറ്റിൽമെന്റ്**

ജലനിധി പദ്ധതിയുമായി ബന്ധപ്പെട്ട് റീജിയണൽ യൂണിറ്റുകൾ Krwsa-യുടെ ഫിനാൻസ് വിഭാഗത്തിൽ നൽകിയിരിക്കുന്ന കത്തുകൾ പ്രകാരം താഴെ പറയുന്ന തുകയാണ് ഇതുവരെ ഇനിയും സെറ്റിൽ ചെയ്യുവാനുള്ളത്.

| | |
|---|---|
| RPMU Idukki | Rs. 21,77,608/- |
| RPMU Malappuram | Rs. 2,79,21,087/-<br><br>(മേൽ തുകയ്ക്ക് പുറമേ മുന്നിയൂർ, ലെക്കിടി പേരൂർ പഞ്ചായത്തുകൾ എക്സിറ്റ് ചെയ്യുമ്പോൾ Rs. 6,82,53,613/- രൂപയും കൂടി നൽകേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| RPMU Kannur | NiL |
| PMU, Trinvandrum | NIL |
| **Total** | **Rs. 9,83,52,308/-** |

Plan re appropriate ചെയ്ത് മേൽ തുക നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ KRWSA സ്വീകരിക്കണം. **- DFA I/c - 2023 ജനുവരി.**

2. **ജലനിധി പഞ്ചായത്ത് എക്സിറ്റ്**

മലപ്പുറം ജില്ലയിലെ മുന്നിയൂർ , ലക്കിടി-പേരൂർ പഞ്ചായത്തുകളാണ് എക്സിറ്റ് ചെയ്യുവാനുള്ളത്. മുന്നിയൂർ പഞ്ചായത്തിലേക്ക് റോഡ് റീ സ്റ്റോറേഷന് വേണ്ടി നൽകിയ തുകയുടെ utilization certificate പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന പ്രശ്നം പരിഹരിച്ച് ഗ്രാമപഞ്ചായത്ത് എക്സിറ്റ് 31-12-2022 നുള്ളിൽ പൂർത്തീകരിക്കണം. ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ എക്സിറ്റ് 25-01-2023 നുള്ളിലും പൂർത്തീകരിക്കണം. - **RPD, Malappuram**

3. **സുസ്ഥിരതാ പദ്ധതി**

2021-22 വരെ ഏറ്റെടുത്തതിൽ ഇനിയും റീസ്റ്റോർ ചെയ്യാനുള്ള 114 സ്കീമുകളിൽ 19 എണ്ണമാണ് ഈ മാസം ടാർഗറ്റ് ചെയ്തത്. അതിൽ 10 എണ്ണം റീസ്റ്റോർ ചെയ്തു. പ്രവൃത്തികൾ നടത്തുന്ന അവസരത്തിൽ ഉണ്ടാകുവാൻ സാധ്യതയുള്ള . പ്രശ്നങ്ങൾ / പ്രതിസന്ധികൾ മുന്നിൽ കണ്ട് അവ പരിഹരിക്കുന്നതിനുള്ള നടപടികളും ബദൽ ഒപ്ഷൻസുകളും RPMU കൾ തെയ്യാറാക്കണം. റീസ്റ്റോർ പ്രവൃത്തികൾ ചെയ്യുന്നതിന് കൂടുതൽ പ്രശ്നങ്ങൾ നേരിടുന്ന സ്കീമുകൾ ആദ്യം എന്ന ക്രമത്തിൽ സ്കീമുകളുടെ ലിസ്റ്റ് തയ്യാറാക്കി മിനിട്ട്സിനൊപ്പം സമർപ്പിക്കണം. ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുകയും മേല് സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരണത്തിന്റ Time schedule തയ്യാറാക്കി ഈ മിനിട്ട്സിനൊപ്പം സമർപ്പിക്കുകയും ചെയ്യണം. 2023 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി പ്രവൃത്തികൾ പൂർത്തീകരിക്കണം. – **RPD – Kannur, Malappuram & Idukki**

ലിസ്റ്റ് അനുബന്ധം (1) ആയി ഇതോടൊപ്പം നൽകുന്നു.

4. **ഗ്രേ വാട്ടർ മാനേജ്മെന്റ്**

മേൽ പ്രവർത്തിയുടെ നിർവ്വഹണം നടത്തുന്നത് സംബന്ധിച്ച് Plan write up സമർപ്പിക്കുന്ന സമയത്ത് ശരിയായ രീതിയിലുള്ള ഒരു പ്ലാനിങ്ങ് KRWSA യുടെ ഹെഡ് ക്വാട്ടേഴ്സിലെ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല എന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ പ്രത്യേകം പരാമർശിച്ചു. മലപ്പുറം RPMU വിന് കീഴിൽ ടി പ്രവൃത്തികൾ ഉൾപ്പെടുത്താതിരുന്നതിനെ എക്സിക്യൂട്ടീവ് ഡയറക്ടർ വിമർശിച്ചു. ഇപ്പോൾമലപ്പുറം Rpmu 3 സൈറ്റുകൾ identity ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ Revised AS മുഖേനയോ, Re appropriation plan മുഖേനയോ ടി പ്രവൃത്തികൾ ചെയ്യുന്നതിനുള്ള പ്ലാൻ സമർപ്പിക്കണം. – **DFA I/c – 2023 ജനുവരി.**

5. **ജലജീവൻ മിഷൻ പദ്ധതി**

പ്രൊക്യൂർമെന്റ് നടപടികളിൽ മാത്രം നേരിയ പുരോഗതിയുള്ളതായി എക്സിക്യൂട്ടീവ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ടെണ്ടറുകൾ അംഗീകരിച്ചിട്ടുണ്ടെങ്കിലും item wise rate നോക്കുമ്പോൾ 10% ൽ കൂടുതൽ below quote ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ കരാറുകാരൻ additional performance security വെക്കേണ്ടി വരുന്നത് പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് Director (Tech.) അറിയിച്ചു. എന്നാൽ ചില പഞ്ചായത്തുകളില് കരാറുകാരൻ കോടതി മുഖേന ഇക്കാര്യത്തിൽ exemption വാങ്ങിയിട്ടുണ്ട്. ഇക്കാര്യവുമായി ബന്ധപ്പെട്ടുള്ള പുതിയ സർക്കാർ ഉത്തരവുകൾ, കോടതി ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ PMU ൽ നിന്നും തീരുമാനം എടുത്ത് RPMU കൾക്ക് നൽകണം. – **Director (Tech.) 2023 ജനുവരി 5**

6. ഗാർഹിക കിണറുകളെ സുസ്ഥിര കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്ന പദ്ധതിയുടെ ഗുണഭോക്താക്കളെ മലപ്പുറം RPMU വിന് കീഴിലുള്ള 3 പഞ്ചായത്തുകളിൽ ഇപ്പോഴും തെരഞ്ഞെടുത്തിട്ടില്ല. അടിയന്തിരമായി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കണം. – **RPD, Malappuram, 2023 ജനുവരി 5**
7. ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്ന പ്രവൃത്തിയുടെ ഭാഗമായി മലപ്പുറം RPMU യുവിലേക്ക് നൽകിയ കിറ്റിൽ 826 എണ്ണം RPMU വിൽ നിന്നും ഇതുവരെ വിതരണം ചെയ്തിരുന്നില്ല എന്ന് 03-12-2022 ൽ ചേർന്ന അവലോകന യോഗം വിലയിരുത്തി. ഇതിൽ നിന്നും 2 കിറ്റുകൾ മാത്രമാണ് ഇപ്പോൾ വിതരണം ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ കടുത്ത അസംതൃപ്തി രേഖപ്പെടുത്തുകയും 03-12-2022 മീറ്റിങ്ങിലെ തീരുമാനങ്ങൾ RPD യെ ഓർമ്മപ്പെടുത്തുകയും ചെയ്തു.ഇക്കാര്യവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ Dy.Director (WCS) ഫോളോഅപ്പ് ചെയ്യണം. – **RPD, Malappuram, 2023 ജനുവരി & ഫെബ്രുവരി.**

8. **FTK ഉപയോഗിച്ചുള്ള ജല ഗുണനിലവാര പരിശോധന**

നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.

| | |
|---|---|
| | 27.12.22 |
| ലക്ഷ്യം | 538914 സാമ്പിളുകൾ |
| പരിശോധിച്ചത് | 339646 സാമ്പിളുകൾ |
| WQMIS യിൽ അപ്‌ലോഡ് ചെയ്തത് | 282953 സാമ്പിളുകൾ |

മുഴുവൻ സാമ്പിളുകളും ടെസ്റ്റ് ചെയ്ത് 2023 ഫെബ്രുവരി മാസത്തിനുള്ളിൽ റിസൾട്ടുകൾ അപ് ലോഡ് ചെയ്യണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. – **RPD കണ്ണൂർ,മലപ്പുറം,ഇടുക്കി & Dy.Director (WCS) – 2023 ഫെബ്രുവരി 28.**

9. **താഴെ പറയുന്ന പദ്ധതികളുടെ സ്റ്റാറ്റസ് ജലനിധി വെബ് സൈറ്റിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്..**

- ജലനിധി –2 പദ്ധിയുടെ പൂർത്തീകരണത്തിന്റെ ആക്ഷൻ പ്ലാൻ.
- സുസ്ഥിരതാ പദ്ധതി – 2021–22 വരെയുള്ള സ്കീമുകൾ
- മഴവെള്ള സംഭരണം, ഭൂജല പരിപോഷണം
- FTK ഉപയോഗിച്ചുള്ള വെള്ളത്തിന്റെ ഗുണനിലവാര പരിശോധന
- ജലജീവൻ മിഷൻ പദ്ധതി
- 2022–23 പദ്ധതികൾ

എന്നാൽ ഡാറ്റാ അപ്‌ഡേഷൻ പൂർണ്ണമല്ല എന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിരീക്ഷിക്കുകയും ആയത് നിരന്തരം അപ്ഡേറ്റ് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

**– Director (M&E) I/c**

10. **2022–23 പദ്ധതികൾ**

മേൽ പദ്ധതികളുടെ സ്റ്റാറ്റസ്, വിശദമായ ആക്ഷൻ പ്ലാൻ എന്നിവ ജലനിധി സൈറ്റിൽ ഉൾപ്പെടുത്തിയത് എക്സിക്യൂട്ടീവ് ഡയറക്ടർ വിശദമായി പരിശോധിച്ചു. സുസ്ഥിരതാ പദ്ധതിയിൽ ലഭിച്ച തുകയുടെ പൂർണ്ണമായ വിനിയോഗം നടത്താത്തതിൽ എക്സിക്യൂട്ടീവ് ഡയറക്ടർ അസംതൃപ്തി രേഖപ്പെടുത്തി. Re appropriate ചെയ്ത് തുക ലഭ്യമാക്കേണ്ട പദ്ധതികൾ ഉണ്ടെങ്കിൽ ആയതിനുള്ള നടപടികൾ PMU വിൽ നിന്നും സ്വീകരിക്കണം. – **DFA I/c – 2023 ജനുവരി.**

**F) മറ്റു തീരുമാനങ്ങൾ**

| നം. | പദ്ധതി | നിർദ്ദേശങ്ങളും തീരുമാനങ്ങളും | ഉത്തരവാദിത്തം | സമയ പരിധി |
|---|---|---|---|---|
| 1 | ആനുവല് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട്/ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്/ AG ഓഡിറ്റ് | ആനുവല് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട്,സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് എന്നിവ പൂർത്തീകരിച്ചു.റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചു. ടി റിപ്പോർട്ട് വെബ് സൈറ്റിൽ | DFA I/c | 05-01-2023 |

| | | | | |
|---|---|---|---|---|
| | സംബന്ധിച്ച് | പ്രസിദ്ധീകരിക്കണം. | | |
| 2 | 2022-23 സാമ്പത്തിക വർഷത്തെ പ്രവൃത്തികൾ | 2022-23 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള റിക്വസ്റ്റ് സർക്കാരിലേക്ക് സമർപ്പിച്ചു. സുസ്ഥിരത പദ്ധതിക്കായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള എല്ലാ പദ്ധതികൾക്കും ഫണ്ട് അനുവദിക്കുന്നതിനുള്ള ഫോളോ അപ് ചെയ്യേണ്ടതാണ്. | DFA i/c | 05-01-2023 Continuous |
| 3 | ഡിജിറ്റല് ഗവേർണൻസ് | 2023 ജനുവരി മാസം അവസാന വാരം ഇ- ഓഫീസ് വേർഷൻ അപ്ഡേറ്റ് ചെയ്യുമെന്ന് DBSA അറിയിച്ചു. Followup ചെയ്യുന്നതിന് DBSA ക്ക് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശം നൽകി. | DBSA | 2023 ജനുവരി |
| | | PRICE- 3 മുൻഗണന ക്രമത്തിൽ പരിഗണിക്കുമെന്ന് NIC അറിയിച്ചു. Followup ചെയ്യുന്നതിന് DT i/c ക്ക് എക്സിക്യൂട്ടീവ് ഡയറക്ടര് നിർദ്ദേശം നൽകി. | DT i/c | Continuous |
| 4 | KRWSA ഫയലുകളുടെ Follow-up | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട 9 ഫയലുകളാണ് നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഉള്ളത്.<br>ഫയൽ സ്റ്റാറ്റസ് എക്സിക്യൂട്ടീവ് ഡയറക്ടർ പരിശോധിച്ചു.<br>ആയത് follow up ചെയ്യണം. | DFA(i/c), Secretaryto ED | Continuous |
| 5 | PMS JALANIDHI എന്ന പുതിയ സോഫ്റ്റ്‌വെയർ സംബന്ധിച്ച് | PMS ജലനിധി platform ലേക്കുള്ള ഡാറ്റ എൻട്രി പ്രോഗ്രസ് ചുവടെ ചേർക്കുന്നു.<br>Idukki- 68.4<br>Malappuram- 74.8<br>Kannur - 66.1<br><br>**Sub project Data entry progress**<br>Idukki- 68.6<br>Malappuram- 77.4<br>Kannur - 71.5<br>RPMU തലത്തിലും ഈ കാര്യം അവലോകനം ചെയ്ത് പുരോഗതി അപ്ഡേറ്റ് ചെയ്യാത്ത ഉദ്യോഗസ്ഥർക്ക് എതിരെ RPD നടപടി സ്വീകരിക്കേണ്ടതാണ്. | RPDs / D(M&E) i/c | Continuous |

അവലോകന യോഗം 4.30pm ന് അവസാനിച്ചു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**Approved by Executive Director**

**Issued by Director (Operations)i/c**